മത്സ്യബന്ധനം

60. 2005-06 വർഷത്തിൽ മത്സ്യബന്ധനവകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പ്രധാനമായും ലക്ഷ്യമിടുന്നത് തീരക്കടൽ മത്സ്യബന്ധനവും ആഴക്കടൽ മത്സ്യബന്ധനവും പരമാവധി വർദ്ധിപ്പിക്കുക, ഉൾനാടൻ മത്സ്യബന്ധനം ഊർജ്ജിതപ്പെടുത്തുക, കടൽസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക, സൂക്ഷ്മസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക, പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വവും ഉപജീവന സംരക്ഷണവും ഉറപ്പാക്കുക എന്നിവയാണ്.

61. പൊതുജനപങ്കാളിത്തത്തോടുകൂടി കടലിലെ രക്ഷാപ്രവർത്തനങ്ങൾ പുനഃക്രമീകരിക്കും. നിലവിലുള്ള വയർലെസ് വിനിമയ ശൃംഖല വടക്കൻ ജില്ലകളിലേക്കും വ്യാപിപ്പിക്കും. തീരസംരക്ഷണ സേനയുടെ പങ്കാളിത്തത്തോടുകൂടി മറൈൻ എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെടുത്തും. മത്സ്യക്കൃഷി മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നോഡൽ ഏജൻസിയായി അഡാക്കിനെ പുനഃസംഘടിപ്പിക്കും. സംസ്ഥാനത്ത് മത്സ്യക്കൃഷി വികസിപ്പിക്കുന്നതിനായി അഡാക്ക് ഒരു മാസ്റ്റർ പ്ലാനിന് രൂപം നൽകി നടപ്പിലാക്കുന്നതാണ്.

62. തീരദേശ പരിസ്ഥിതി സംരക്ഷണത്തിനുള്ള ഉപാധിയായി കേരളത്തിൽ കണ്ടൽ വനവൽക്കരണ പരിപാടിക്ക് പ്രചാരണം നൽകും. സുനാമിയെത്തുടർന്ന് കടലോര പ്രദേശങ്ങളിലാകെ ഉണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനുള്ള നടപടികൾ ദീർഘകാലാടിസ്ഥാനത്തിൽ ആരംഭിക്കും.

63. വന, ജലസേചന, ഊർജ്ജ, മത്സ്യബന്ധന വകുപ്പുകളുടെ സഹകരണത്തോടുകൂടി 20 ജലസംഭരണികളിൽ റിസർവോയർ മത്സ്യക്കൃഷി പദ്ധതി നടപ്പിലാക്കുന്നതാണ്. മത്സ്യക്കൃഷിയെ കൃഷിയുമായി സംയോജിപ്പിക്കുവാനുള്ള മറ്റൊരു പദ്ധതിയും ഗവൺമെൻറിന്റെ പരിഗണനയിലാണ്. കൃഷിവകുപ്പുമായി യോജിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളും തടയണകളും ശുദ്ധജല മത്സ്യക്കൃഷിക്കായി ഉപയോഗിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

64. പ്രവർത്തനക്ഷമമല്ലാത്ത എല്ലാ മത്സ്യ സഹകരണ സംഘങ്ങളും നിർത്തലാക്കുകയും മത്സ്യഫെഡിനെ പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തുകയും ചെയ്യും.

വനം

65. വീട്ടുവളപ്പിലും മറ്റു സ്വകാര്യഭൂമിയിലും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക എന്ന ലക്ഷ്യത്തിനായി 'ഹാബിറ്റാറ്റ് ഫോറസ്ട്രി' എന്ന ഒരു പുതിയ പദ്ധതി 2005-06 മുതൽ നടപ്പിലാക്കുന്നതാണ്. 'വനമാല' എന്ന മറ്റൊരു പദ്ധതിയും ആവിഷ്കരിക്കുന്നതാണ്. വിവിധ വകുപ്പുകളുടെ പദ്ധതികൾ ഏകോപിപ്പിച്ചും സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെയും പരിസ്ഥിതി ഗ്രാമങ്ങൾ രൂപീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൊച്ചിയിലെ മംഗളവനം പ്രത്യേക പരിഗണന നൽകി സംരക്ഷിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly